# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂലായ് 22-ാം തീയതി തിങ്കളാഴ്ച
(ആകെ ചോദ്യങ്ങൾ -24)

**(567) പ്രവേശന പരീക്ഷകളുടെ നടത്തിപ്പ്**
**(568) വിജയഭേരി പദ്ധതി**
**(569) ഡി.പി.ഇ.പി.യുടെ പ്രവർത്തനത്തിലെ അഴിമതി**
**(570) നിർമ്മാണം പൂർത്തിയായ പാലങ്ങൾക്ക് അപ്രോച്ച് റോഡ് നിർമ്മിക്കാൻ നടപടി**
**(571) സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനും സംസ്ഥാന റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനും ഏറ്റെടുത്തു നടത്തിയ പണികൾ**
**(572) സ്പോക്കൺ ഇംഗ്ലീഷ് പാഠ്യവിഷയമാക്കാൻ നടപടി**
**(573) പരീക്ഷാഫലപ്രഖ്യാപനത്തിലെ കാലതാമസം**
**(574) സർവ്വകലാശാലകളുടെ വാർഷിക റിപ്പോർട്ടും കണക്കും**
**(575) തോട്ടനികുതി പരിഷ്ക്കരണം**
**(576) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പും റെയിൽവേയും തമ്മിൽ പുതുതായി ഉണ്ടാക്കിയ കരാർ**
**(577) ഹഡ്കോ നിർത്തിവച്ച വായ്പ**
**(578) പാലം നിർമ്മാണത്തിന് ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ കണ്ടെത്താൻ നടപടി**
**(579) ത്രിതല പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള റോഡുകൾ**
**(580) അൺഎയിഡഡ് സ്കൂളുകളിൽ ഫീസ് ഏകീകരിക്കുവാൻ നടപടി**
**(581) സർക്കാർ സുകൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ**
**(582) റീ സർവ്വെ പ്രവർത്തനങ്ങൾ**
**(583) സകൂൾ-കോളേജ് പി.ടി.എ.കൾ**
**(584) ഗൾഫ് രാജ്യങ്ങളുടെ കോൺസിലേറ്റുകൾ ആരംഭിക്കാൻ നടപടി**
**(585) ഡി.പി.ഇ.പി. ചെലവുകൾ ആഡിറ്റ് ചെയ്യാൻ നടപടി**
**(586) അടിസ്ഥാന ഭൂനികുതി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം**
**(587) ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ ഒഴിവാക്കാൻ നടപടി**
**(588) ഹയർ സെക്കന്ററി പരീക്ഷാഫലം**
**(589) പുറമ്പോക്കുകളിൽ സ്ഥിരമായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള മാനദണ്ഡം**
**(590) മെഡിക്കൽ പ്രവേശന പരീക്ഷയിലെ ചോദ്യങ്ങൾ റദ്ദ് ചെയ്ത നടപടി**

## പ്രവേശന പരീക്ഷകളുടെ നടത്തിപ്പ്

567. ശ്രീ. ബിനോയ് വിശ്വം :
ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവേശന പരീക്ഷകളുടെ നടത്തിപ്പ് സംബന്ധിച്ച് ഉയർന്നു വന്ന വിവാദങ്ങൾ അവയുടെ വിശ്വാസ്യതയെ ബാധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പരീക്ഷകളുടെ വിശ്വാസ്യത വീണ്ടെടുക്കൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) & (ബി) പ്രവേശന പരീക്ഷയെ സംബന്ധിക്കുന്ന വിവാദങ്ങൾ, ചോദ്യങ്ങളേയും ഉത്തര സൂചികയേയും സംബന്ധിക്കുന്ന ഭിന്നാഭിപ്രായങ്ങളെ മാത്രം അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതാണ്. അല്ലാതെ വിശ്വാസ്യതക്ക് കോട്ടം തട്ടുന്ന വിധത്തിൽ, പരീക്ഷയുടെ നടത്തിപ്പ് റാങ്ക് നിർണ്ണയം തുടങ്ങിയ കാര്യങ്ങളിലെ സുതാര്യതയും നിഷ്പക്ഷതയും സംബന്ധിച്ച് യാതൊരു പരാതിയും ഉണ്ടായിട്ടില്ല. കുറ്റമറ്റ രീതിയിൽ

തുടർന്നും പരീക്ഷകൾ നടത്തുന്നതിനാവശ്യമായ എല്ലാ വിധ നടപടികളും സ്വീകരിക്കുന്നതാണ്.

## വിജയഭേരി പദ്ധതി

568. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ടി. എച്ച് മുസ്തഫ :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജയഭേരി പദ്ധതി ഇപ്പോൾ ഏതെല്ലാം ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) ഈ പദ്ധതി നടപ്പാക്കിയതുകൊണ്ട് പ്രസ്തുത ജില്ലകളിൽ വിജയശതമാനം മുൻവർഷത്തെ അപേക്ഷിച്ച് എത്ര കണ്ട് ഉയർന്നു;

(സി) ഈ പദ്ധതി കൊണ്ട് പ്രതീക്ഷിച്ച ഫലം ഉണ്ടാകുന്നുണ്ടോ എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) മല്ലപ്പുറം ജില്ലയിൽ മാത്രമാണ് ഇപ്പോൾ വിജയഭേരി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. വിജയ ശതമാനം മുൻവർഷത്തെക്കാൾ 7% വർദ്ധിച്ചിട്ടുണ്ട്.

(സി) പദ്ധതി പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

## ഡി.പി.ഇ.പി.യുടെ പ്രവർത്തനത്തിലെ അഴിമതി

569. ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. വി. ബാലറാം :
ശ്രീമതി രാധാരാഘവൻ :
ശ്രീ. എ. കെ. മണി :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗവൺമെന്റിന്റെ കാലത്ത് ഡി.പി.ഇ.പി.യുടെ പ്രവർത്തനത്തിൽ വൈകല്യങ്ങളുണ്ടായതായും അഴിമതി നടന്നതായും ആരോപണം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ആരോപണത്തെപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ; ഇല്ലാത്തപക്ഷം അതേപ്പറ്റി അന്വേഷിക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഡി.പി.ഇ.പി. മേഖലയിൽ ക്രമക്കേടുകൾ നടന്നതായുള്ള ആരോപണങ്ങളെ കുറിച്ച് സർക്കാരിന്റെ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അന്വേഷണം നടത്തുകയും പ്രസ്തുത അന്വേഷണ റിപ്പോർട്ട് പ്രകാരം വെളിവായിട്ടുള്ള ആരോപണങ്ങളെക്കുറിച്ച് വിജിലൻസ് അന്വേഷണം നടന്നു വരുന്നു.

## നിർമ്മാണം പൂർത്തിയായ പാലങ്ങൾക്ക് അപ്രോച്ച് റോഡ് നിർമ്മിക്കാൻ നടപടി

570. ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ടി.പി.എം. സാഹിർ :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തിയാക്കിയ പാലങ്ങൾ അപ്രോച്ച് റോഡ് ഇല്ലാത്തതിനാൽ ഉപയോഗമില്ലാതെ കിടക്കുന്നുണ്ടോ;

(ബി) എങ്കിൽ എത്ര; എവിടെയെല്ലാം ;

(സി) ഇത്തരം പാലങ്ങൾക്ക് അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ആവശ്യമായ അടിയന്തിരനടപടി കൈക്കൊള്ളുമോ?

<u>**ഉത്തരം**</u>

**ശ്രീ. എം. കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി):-**

(എ) + (ബി) അപ്രോച്ച് റോഡുകളുടെ പണി പൂർത്തിയാകാത്തതിനാൽ 9 (ഒൻപത്) പാലങ്ങൾ ഉപയോഗിക്കാനാകാതെ കിടക്കുന്നുണ്ട്. അവയുടെ പേരുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(സി) അപ്രോച്ച് റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## <u>സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനും സംസ്ഥാന റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനും ഏറ്റെടുത്തു നടത്തിയ പണികൾ</u>

571. ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ടി.എൻ. പ്രതാപൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനും സംസ്ഥാന റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനും സംസ്ഥാനത്തിന് പുറത്ത് എവിടെയെങ്കിലും പണി ഏറ്റെടുത്ത് നടത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം;

(ബി) ഈ പണികൾ ഈ കോർപ്പറേഷനുകൾക്ക് ലാഭമാണോ നഷ്ടമാണോ ഉണ്ടാക്കിയത്;

(സി) നഷ്ടമാണുണ്ടാക്കിയതെങ്കിൽ അതിനുള്ള കാരണം എന്താണ് എന്ന് വെളിപ്പെടുത്താമോ?

<u>**ഉത്തരം**</u>

**ശ്രീ. എം. കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി):-**

(എ), (ബി) & (സി) മുൻ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാന കൺസ്ട്രക്ഷൻ കോർപ്പറേഷനും സംസ്ഥാന റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷനും സംസ്ഥാനത്തിന് പുറത്ത് പണികളൊന്നും ഏറ്റെടുത്ത് നടത്തിയിട്ടില്ല.

## <u>സ്പോക്കൺ ഇംഗ്ലീഷ് പാഠ്യവിഷയമാക്കാൻ നടപടി</u>

572. ശ്രീ. ഷിബു ബേബിജോൺ :

ശ്രീ. കെ. കെ. ഷാജു :

ശ്രീ. എ.എൻ. രാജൻ ബാബു :

ശ്രീ. ഉമേഷ് ചള്ളിയിൽ :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാളം മീഡിയത്തിൽ ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കി വരുന്ന വിദ്യാർത്ഥികൾക്ക് സ്പോക്കൺ ഇംഗ്ലീഷ് പ്രാവീണ്യം ഇല്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണത്താൽ അഖിലേന്ത്യാ മൽസര പരീക്ഷകളിലും ഇന്റർവ്യൂകളിലും ഗ്രൂപ്പ് ഡിസ്ക്കഷനുകളിലും മലയാളികൾ പിൻതള്ളപ്പെട്ടു പോകാതിരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) ഹൈസ്ക്കൂൾ, കോളേജ് ക്ലാസ്സുകളിൽ സ്പോക്കൺ ഇംഗ്ലീഷ് ഒരു പ്രത്യേക പാഠ്യവിഷമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്ക്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നത് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദമുള്ളവർതന്നെയെന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

(ഡി) ഹൈസ്ക്കൂളുകളിൽ ഇംഗ്ളീഷ് പഠിപ്പിക്കുന്നതിന് ഇംഗ്ളീഷ് ഐച്ഛിക വിഷയമായി പഠിച്ചവരെ നിയമിക്കാൻ 7-1-2002 ലെ ജി.ഒ.(എം.എസ്.) 11/02/പൊ.വി.വ. നംപർ ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ജില്ല/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, എന്നിവർക്ക് വേണ്ട നിർദ്ദേശവും നൽകിയിട്ടുണ്ട്.

## പരീക്ഷാഫലപ്രഖ്യാപനത്തിലെ കാലതാമസം

573. ശ്രീ. ടി.വി. ചന്ദ്രമോഹൻ :

ശ്രീ. എം. പി. ഗംഗാധരൻ :

ശ്രീ. ടി. യു. രാധാകൃഷ്ണൻ :

ശ്രീ. എം. എ. ചന്ദ്രശേഖരൻ :

പ്രൊഫസർ എ. ഡി. മുസത്ഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2002 മാർച്ചിൽ കേരള സർവ്വകലാശാല എത്ര പരീക്ഷകൾ നടത്തി;

(ബി) അതിൽ എത്രയെണ്ണത്തിന്റെ ഫലപ്രഖ്യാപനം നടത്തി;

(സി) ബാക്കിയുള്ളവയുടെ ഫലപ്രഖ്യാപനം നടത്തുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) ഈ കാലതാമസംമൂലം കേരളത്തിനു പുറത്ത് ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടൽ അസാദ്ധ്യമാവുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) 2002 മാർച്ചിൽ നടത്തേണ്ട പരീക്ഷകൾ സർക്കാർ ജീവനക്കാരുടെ പണിമുടക്കുമൂലം മേയ്മാസം മുതലാണ് നടത്തിയത്. 300-ൽ പരം പരീക്ഷകൾ നടത്തിയിട്ടുണ്ട്.

(ബി) 3 എണ്ണത്തിന്റെ ഫലപ്രഖ്യാപനം നടത്തി.

(സി) യും (ഡി)യും പരീക്ഷകൾ താമസിച്ച് ആരംഭിച്ചതും സാംപത്തിക പ്രതിസന്ധി കാരണം കേന്ദ്രീകൃത മൂല്യനിർണ്ണയത്തിനുപകരം ഹോം വാല്യൂവേഷൻ നടത്തുന്നതും കാലതാമസത്തിന് കാരണമാണ്. പരീക്ഷാ ഫലങ്ങൾ എത്രയും വേഗം പ്രസിദ്ധീകരിക്കുവാൻ നടപടി കൈക്കൊണ്ടു വരികയാണ്.

## സർവ്വകലാശാലകളുടെ വാർഷിക റിപ്പോർട്ടും കണക്കും

574. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :

ശ്രീ. തമ്പാനൂർ രവി :

ശ്രീ. കെ. പി. വിശ്വനാഥൻ :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളുടേയും വാർഷിക റിപ്പോർട്ടും കണക്കും മേശപ്പുറത്തുവയ്ക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) നിയമപ്രകാരം ഈ രേഖകൾ ബന്ധപ്പെട്ട സർവ്വകലാശാല ഗവൺമെന്റിന് എത്തിക്കേണ്ടത് ഏതു തീയതിക്കാണ്;

(സി) പ്രസ്തുത തീയതിക്ക് മുൻപായി സർവ്വകലാശാലകൾ വാർഷിക റിപ്പോർട്ടും കണക്കും ഗവൺമെന്റിന് ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) നിലവിലുള്ള സർവ്വകലാശാലകൾ ഏതുവർഷം വരെയുള്ള റിപ്പോർട്ടും കണക്കും ലഭ്യമാക്കിയിട്ടുണ്ട്?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) നിലവിലുള്ള സർവ്വകലാശാല നിയമ പ്രകാരം ടി രേഖകൾ സർക്കാരിന് സമർപ്പിക്കാൻ പ്രത്യേകിച്ച് തീയതിയൊന്നും നിശ്ചയിച്ചിട്ടില്ല.

(സി) ഉദിക്കുന്നില്ല.

(ഡി)

| യൂണിവേഴ്സിറ്റി | വാർഷിക റിപ്പോർട്ട് | കണക്ക് |
|---|---|---|
| കേരള | 2000 വർഷം വരെ | 2000–01 |
| കാലിക്കട്ട് | 2001 വരെ | 2000–01 |
| കൊച്ചിൻ | 1998 വരെ | 1998–99 |
| എം. ജി. | 2000 രെ | 1997–98 |
| സംസ്കൃതം | 2000–01 ന്റെ | – |
| കണ്ണൂർ | 2000 വരെ | 1997–98 |

## തോട്ടനികുതി പരിഷ്ക്കരണം

575. ശ്രീ. പി.സി. ജോർജ്:

ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ. എ.കെ. ബാലൻ:

ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ തോട്ടനികുതി പരിഷ്ക്കരിക്കുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞവർഷം തോട്ടനികുതി വരുമാനത്തിൽ കുറവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(സി) തോട്ടനികുതി എന്നാണ് അവസാനമായി പരിഷ്ക്കരിച്ചത് എന്ന് വ്യക്തമാക്കുമോ;

(ഡി) 5 ഹെക്ടർ വരെ തോട്ടനികുതി ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ഉണ്ട്. ഭാഗ ഉടംപടികളിലൂടെ തോട്ടങ്ങൾ മറ്റ് കൈവശങ്ങളിലേക്ക് മാറിയതു കാരണം പല തോട്ടഭൂമികളും നികുതിയ്ക്ക് വിധേയമായ അടിസ്ഥാന വിസ്തീർണ്ണ പരിധിയിൽ നിന്നും ഒഴിവായിട്ടുണ്ട്. ഇത് നികുതി വരുമാനത്തിന് കുറവ് വരാനിടയാക്കിയിട്ടുണ്ട്.

(സി) 1987ലെ കേരള ഫിനാൻസ് ആക്റ്റ്പ്രകാരം.

(ഡി) പരിശോധിക്കുന്നതാണ്.

## റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പും റെയിൽവേയും തമ്മിൽ പുതുതായി ഉണ്ടാക്കിയ കരാർ

576. ശ്രീ. എം.വി. ജയരാജൻ:

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ:

ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം സംബന്ധിച്ച് പൊതുരാമത്ത് വകുപ്പും റെയിൽവേയും തമ്മിൽ പുതുതായി ഉണ്ടാക്കിയ കരാറിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഈ കരാർ, മേൽപ്പാലങ്ങളുടെ പണികൾ ത്വരിതപ്പെടുത്തുന്നതിന് ഏതെല്ലാം വിധത്തിലാണ് സഹായിക്കുകയെന്ന് വ്യക്തമാക്കുമോ;

(സി) മേൽപ്പാലങ്ങളുടെ നിർമ്മാണവും അപ്രോച്ച് റോഡിന്റെ നിർമ്മാണവും ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) സംസ്ഥാനത്ത് എത്ര മേൽപാലങ്ങളാണ് അടിയന്തിരമായി പൂർത്തിയാക്കാനുള്ളത്;

(ഇ) ഈ വർഷം എത്ര എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (മരാമത്ത് വകുപ്പു മന്ത്രി):-**

(എ)+(ബി)+(സി)

റെയിൽവേയുമായി സംസ്ഥാന പൊതുമാരാമത്ത് വകുപ്പ് 4..7..2002 തിയതിയിൽ ഒപ്പിട്ട എം.ഒ.യു. അനുസരിച്ച് റെയിൽവേ ലൈനിന്റെ മുകൾഭാഗമുൾപ്പെടെയുള്ള മേൽ പാലത്തിന്റെ മുഴുവൻ ഭാഗവും സംസ്ഥാന സർക്കാരോ, സർക്കാർ നിശ്ചയിക്കുന്ന ഏജൻസിയോ നിർമ്മിക്കുന്നതിന് റെയിൽവേ സമ്മതിച്ചിട്ടുണ്ട്. എം.ഒ.യു. വഴി സംസ്ഥാനത്തിനു ലഭിക്കുന്ന മറ്റൊരു പ്രയോജനം പണിയുടെ പുരോഗതിക്കനുസരിച്ച് റയിൽവേയുടെ വിഹിതമായ 50% തുക റീഇംപേഴ്സ് ചെയ്ത് ലഭിക്കുമെന്നുള്ളതാണ്. ഒരെ ഏജൻസിക്കുതന്നെ മേൽപ്പാലത്തിന്റെ അപ്രോച്ച്റോഡുൾപ്പെടെ മുഴുവൻ ഭാഗവും നിർമ്മിക്കാൻ കഴിയുമെന്നുള്ളതും പണിയുടെ പുരോഗതി അനുസരിച്ച് റെയിൽവേയുടെ ആനുപാതികമായ വിഹികം കിട്ടിക്കൊണ്ടിരിക്കുമെന്നുള്ളതും റയിൽവേ മേൽപ്പാലത്തിന്റെ പണി പെട്ടെന്ന് പൂർത്തിയാക്കുന്നതിന് സഹായകമാകും.

(ഡി)+(ഇ)

48 മേൽ പാലങ്ങളാണ് മുൻഗണനാക്രമത്തിൽ പൂർത്തിയാക്കാനുള്ളത്. അവയിലെ 15 മേൽ പാലങ്ങളുടെ പണി ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

## ഹഡ്കോ നിർത്തിവച്ച വായ്പ

577. ശ്രീ. വർക്കല കഹാർ:

ശ്രീ. തമ്പാനൂർ രവി:

ശ്രീ. ടി.എൻ. പ്രതാപൻ:

ശ്രീ. തേറമ്പിൽരാമകൃഷ്ണൻ:

ശ്രീമതി. രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) 2000 ജനുവരി 1 മുതൽ ഹഡ്കോ സംസ്ഥാന ഗവൺമെന്റിനുള്ള വായ്പ എപ്പോഴെങ്കിലും നിർത്തിവച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) തൽഫലമായി സംസ്ഥാനത്തിന് എന്തു തുക നഷ്ടമായി;

(ഡി) ഈ ഗവൺമെന്റ് നിലവിൽവന്നശേഷം ഹഡ്കോ വായ്പ പുനരാരംഭിച്ചുവോ;

(ഇ ) എങ്കിൽ ഇതിനുള്ള സാഹചര്യമുണ്ടാക്കിയത് എപ്രകാരമാണ് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഈ വർഷം ഹഡ്കോ എന്ത് തുകക്കുള്ള വായ്പ അനുവദിക്കുമെന്ന് വ്യക്താക്കുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പു മന്ത്രി):-**

(എ) 1..4..2001 മുതൽ ഹഡ്കോ ഭവന നിർമ്മാണ ബോർഡിനുള്ള സാംപത്തിക സഹായം നിർത്തിവച്ചു.

(ബി) 2001 മാർച്ചിലെ വായ്പ തിരിച്ചടവ് തുകയായ 59.51കോടി രൂപ കുടിശ്ശിക വരുത്തിയതിനാലാണ് ഹഡ്കോ ബോർഡിന് വായ്പ അനുവദിക്കുന്നത് നിർത്തി വച്ചത്.

(സി) ഹഡ്കോ വായ്പാ വിതരണം നിർത്തിവച്ചത്മൂലം പല പദ്ധതികളും പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇതിന്റെ നഷ്ടം കണക്കാക്കിയിട്ടില്ല.

(ഡി)+(ഇ). ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വായ്പാ തിരിച്ചടവ് സംബന്ധിച്ച് ഹഡ്കോയുമായി ചർച്ച ചെയ്തു. ഒരു ഡിഫാൾട്ട് റെസല്യൂഷൻ പാക്കേജിന് രൂപം കൊടുക്കുകയും ഇതിൻപ്രകാരം വായ്പാ കുടിശ്ശികയായ 63.15 കോടി രൂപ ഹഡ്കോയ്ക്ക് തിരിച്ചടയ്ക്കുകയും പകരം ബാക്കി വായ്പ തിരിച്ചടയ്ക്കുന്നതിന് ബോർഡിന് സെപ്തംബർ 2002 വരെ ഹഡ്ക്കോ സമയം ദീർഘിപ്പിച്ച് നൽകുകയും ചെയ്തു. ഡിഫാൾട്ട് റെസല്യൂഷൻ പ്രകാരം വായ്പ പുനരാരഭിക്കുന്നതിന് ഹഡ്കോ സമ്മതിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ഹഡ്കോ മുന്നോട്ടുവച്ച ചില നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ഹഡ്കോ വായ്പ ഉടൻ പുനരാരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഹഡ്കോ ഹൗസിംഗ് ബോർഡിന് നിശ്ചയിച്ചിരുന്ന എക്സ്പോർഷൻ ലിമിറ്റ് (വായ്പ പരിധി)ന് മുകളിൽ വായ്പ നൽകിയതിനാൽ (1062 കോടി രൂപ) പുതിയ വായ്പകൾ തുടർന്ന് നൽകുന്നതിന് ഹഡ്കോയ്ക്ക് സാങ്കേതികമായി ബുദ്ധിമുട്ടുണ്ട്. ഇതിന് പരിഹാരമായി ഹഡ്കോയിൽ

നിന്നു ഉയർന്ന പലിശയ്ക്ക് (13% മുതൽ 17% വരെ) എടുത്ത 300 കോടി രൂപയുടെ വായ്പ വാണിജ്യ ബാങ്കുകളിൽ നിന്ന് കുറഞ്ഞ പലിശ നിരക്കിൽ (11.5%-12.5%) വായ്പ സമാഹരിച്ചുകൊണ്ട് കാലാവധിക്കു മുൻപ് തിരിച്ചടയ്ക്കുവാനും അതുമൂലം വായ്പാ പരിധി കുറച്ചുകൊണ്ടു വരുവാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വായ്പാ പരിധി കുറയുന്നത്മൂലം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വേണ്ടിയുള്ള ഭവന പദ്ധതികൾക്കായി ഏകദേശം 300 കോടി രൂപ ഹഡ്ക്കോയിൽനിന്നും വായ്പയായി സമാഹരിക്കാമെന്ന് പ്രതീക്ഷിക്കുന്നു. ഇതുമൂലം ഭവന നിർമ്മാണ ബോർഡിന് പലിശയിനത്തിൽ ഭാവിയിൽ 58 കോടി രൂപ ലാഭമുണ്ടക്കുവാനും കഴിയും.

(എഫ്) ഹഡ്കോ വായ്പ പുനരാരംഭിക്കുന്നപക്ഷം ഈ വർഷം ഹഡ്കോയുടെ മിനിമം അലോക്കേഷൻ പ്രകാരം 70 കോടിയോളം രൂപ ബോർഡിന് അനുവദിച്ചുകിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

## <u>പാലം നിർമ്മാണത്തിന് ചെലവു കുറഞ്ഞ സാങ്കേതിക വിദ്യ കണ്ടെത്താൻ നടപടി</u>

578. ശ്രീ. ജോണി നെല്ലൂർ:
ശ്രീ. എ.എൻ. രാജൻ ബാബു:
ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. കെ.കെ. ഷാജു:
ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ പാലങ്ങളുടെ നിർമ്മാണത്തിന് ഇപ്പോൾ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ ഏതാണെന്ന് വ്യക്തമാക്കാമോ;

(ബി) സാങ്കേതിക വിദ്യ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണ്;

(സി) മുൻപ് ഉപയോഗിച്ചിരുന്ന ഏതെങ്കിലും പാലം നിർമ്മാണ രീതികൾക്ക് ഇപ്പോൾ നിരോധനമുണ്ടോ;

(ഡി) ബ്രിട്ടീഷുകാരുടെ കാലം മുതൽ ഉപയോഗിച്ചിരുന്നതും നൂറ്റാണ്ടുകൾ അതിജീവിച്ചതുമായ നിർമ്മാണ രീതി ചെലവ് കുറഞ്ഞതാണെന്നത് പരിഗണിച്ച് ഇടത്തരം പാലങ്ങളുടെ നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുമോ;

(ഇ) ഇല്ലെങ്കിൽ പാലം നിർമ്മാണത്തിന് ചെലവുകുറഞ്ഞ സാങ്കേതിക വിദ്യ കണ്ടെത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

**<u>ഉത്തരം</u>**

**ശ്രീ. എം.കെ. മുനീർ(മരാമത്ത് വകുപ്പു മന്ത്രി):-**

(എ)+(ബി)+(സി)+(ഡി)+(ഇ)

റീഇൻഫോഴ്സ്ഡ് കോൺക്രീറ്റ് (ആർ.സി.സി) ഉപയോഗിച്ച് പാലം പണിയുന്ന രീതിയാണ് ഇപ്പോൾ അവലംബിച്ചു വരുന്നത്.

മുൻപ് പാലങ്ങൾ സ്റ്റീൽ ഉപയോഗിച്ച് നിർമ്മിച്ചിരുന്നു.

സ്റ്റീൽ ഉപയോഗിച്ച് പാലങ്ങൾ നിർമ്മിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## <u>ത്രിതല പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള റോഡുകൾ</u>

579. ഡോക്ടർ തോമസ് ഐസക്:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. പി.സി. ജോർജ്:
ശ്രീ. കെ.കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുമരാമത്ത് വകുപ്പിലെ റോഡുകളും പാലങ്ങളും വിഭാഗത്തിൽനിന്ന് ഏതെല്ലാം തരത്തിൽപ്പെട്ട റോഡുകളാണ് ത്രിതല പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള റോഡുകളുടേയും പാലങ്ങളുടേയും കൈമാറ്റം പൂർത്തിയായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എത്ര കിലോമീറ്റർറോഡുകളാണ് ഇനിയും ഓരോ വിഭാഗത്തിലും കൈമാറുന്നതിന് അവശേഷിച്ചിട്ടുള്ളത്;

(ഡി) ഈ റോഡുകൾ കൂടി പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) റോഡുകളുടെ കൈമാറ്റത്തിനനുസരിച്ച് പഞ്ചായത്തുകളുടെ വിഹിതം വർദ്ധിപ്പിക്കുമോ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ(മരാമത്ത് വകുപ്പു മന്ത്രി):-**

(എ) വില്ലേജ് റോഡു വിഭാഗത്തിലും മറ്റ് ജില്ലാതല റോഡു വിഭാഗത്തിലും [ODR] ഉൾപ്പെടുന്ന റോഡുകളാണ് ത്രിതല പഞ്ചായത്തുകൾക്ക് കൈമാറുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്..

(ബി & സി) മേൽപ്പറഞ്ഞ റോഡുകളുടെ കൈമാററം പൂർത്തിയായിട്ടില്ല. 1..4..2001ലെ കണക്കനുസരിച്ച് വില്ലേജ് റോഡ് വിഭാഗത്തിൽ 875.288 കിലോ മീറ്ററും [ODR] വിഭാഗത്തിൽ 5303.208 കിലോ മീറ്ററുമാണ് കൈമാറുന്നതിന് അവശേഷിച്ചിട്ടുള്ളത്.

(ഡി) അവശേഷിക്കുന്ന റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് നടത്തിക്കൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കിയശേഷം കൈമാറുന്നതാണ്.

(ഇ) കൈമാറ്റപ്പെട്ട റോഡുകൾക്കുവേണ്ടി ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന തുകകൾ പഞ്ചാത്തുകൾക്ക് അനുവദിക്കുന്നുണ്ട്.

**അൺഎയിഡഡ് സ്കൂളുകളിൽ ഫീസ് ഏകീകരിക്കുവാൻ നടപടി**

580. ശ്രീ. പി.ജെ. ജോയി:
ശ്രീ. എൻ.ഡി. അപ്പച്ചൻ:
ശ്രീ. എ.പി. അനിൽകുമാർ:
ശ്രീ. പി.ടി. തോമസ്:
ശ്രീ. വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കവിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇപ്പോൾ അൺഎയിഡഡ് സ്കൂളുകളിൽ സംസ്ഥാനത്ത് ആകമാനം ഫീസിന് ഐകരൂപ്യമുണ്ടോ;

(ബി) ഇല്ലെങ്കിൽ അൺഎയിഡഡ് സ്കളുകളിലെ ഫീസ് ഏകീകരിക്കുവാൻ നടപടി എടുക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**സർക്കാർ സുകൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ**

581. ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. സാജുപോൾ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. വി.കെ.സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ സർക്കാർ സ്ക്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പഞ്ചായത്ത് രാജ് നിയമമനുസരിച്ച് സ്ക്കൂൾ കെട്ടിടങ്ങളുടെ ഓലമേയൽ ആററകുററപ്പണികൾ നടത്തൽ തുടങ്ങിയവയ്ക്കാവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെങ്കിലം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പു മന്ത്രി):-**

(എ) പതിനൊന്നാം ധനകര്യകമ്മീഷൻ സ്കൂളുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപപ്പെടുത്തുന്നതിനായി 2000-2005 വരെ ഒരു കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽനിന്നും രണ്ടു ഗഡുക്കൾ (20% വീതം) അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും 30..6..2003-ൽ അവസാനിക്കുന്നതുമായ ഡി.പി.ഇ.പി സംസ്ഥാനത്ത് ആറു ജില്ലകളിൽ ലോകബാങ്ക്, യൂറോപ്യൻ യൂണിയൻ

എന്നിവയുടെ ധനസഹായത്തോടുകൂടി പ്രാഥമിക വിദ്യാഭ്യാസത്തിന്റെ സർവ്വതോന്മുഖമായ വികസനമാണ് ലക്ഷ്യമിടുന്നത്. ഡി.പി.ഇ.പി പദ്ധതിയുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ചേർന്ന് 2010–ൽ അവസാനിക്കുന്ന സർവശിക്ഷാ അഭിയാൻ എന്ന പദ്ധതിയിൽപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം എട്ടു നോൺ ഡി.പി.ഇ.പി ജില്ലകളിൽ 179.4 ലക്ഷം രൂപ സംസ്ഥാന സർക്കാരിന് ലഭിച്ചിരുന്നു. ഈ സാംപത്തിക വർഷം 14 ജില്ലകളിൽ ഈ പദ്ധതിക്കായി 53.52 കോടി രൂപയുടെ വാർഷിക പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(ബി) &(സി) അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയതിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ സ്കൂൾ കെട്ടിടങ്ങളുടെ ഓലകെട്ടിമേയൽ, അറ്റകുറ്റപണികൾ എന്നിവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴിയാണ് നടത്തുന്നത്. ഈയിനത്തിൽ 2002–2003 സാംപത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ (റവന്യൂ) വിവിധ ശീർഷകങ്ങളിൽ വകയിരുത്തിയിട്ടുള്ള വിഹിതം, അലോട്ട്മെന്റ് എന്നിവയുടെ വിശദവിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ (ക്യാപിറ്റൽ) വിഹിതമായ 744.50 ലക്ഷം രൂപയിൽ നിന്നും ആദ്യഗഡുവായി 249.10 ലക്ഷം രൂപപഞ്ചായത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. വോട്ട് ഓൺ അക്കൗണ്ട് ആയതിനാൽ മൂന്നിലൊന്നു തുക മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്.

(ഡി) ഉണ്ട്. ഡി.പി.ഇ.പി. ജില്ലകളിൽ ഡി.പി.ഇ.പി ഫണ്ടുപയോഗിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർവ്വശിക്ഷാ അഭിയാൻ എന്ന, കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ചേർന്ന് നടപ്പിലാക്കുന്നതും 2010ന് അവസാനിക്കുന്നതുമായ ബൃഹത്തായ പദ്ധതിക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിക്ക് ആദ്യവർഷം കേന്ദ്രസഹായം 85% ആയിരിക്കും. സംസ്ഥാന സർക്കാരിന്റെ വിഹിതം 15% ആണ്. അടുത്ത വർഷം ഇവ 75:25 എന്ന അനുപാതത്തിലായിരിക്കും. പിന്നീടുള്ള വർഷങ്ങളിൽ 50:50 എന്ന അനുപാതത്തിൽ തുടരും.

## റീ സർവ്വെ പ്രവർത്തനങ്ങൾ

582. ശ്രീ. കെ.വി. കുഞ്ഞിരാമൻ:
ശ്രീ. പി. ജയരാജൻ:
ശ്രീ. കെ.കെ. ജയചന്ദ്രൻ:
ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ എത്ര വില്ലേജുകളിൽ റീസർവ്വെ പ്രവർത്തനം ആരംഭിക്കാനുണ്ട്;

(ബി) റീ സർവ്വെ പ്രവർത്തനങ്ങളിലെ തെറ്റുകുററങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്.;

(സി) റീ സർവ്വെ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) റീ സർവ്വെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചു;

(ഇ) റീ സർവ്വെ സംബന്ധിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പു മന്ത്രി):–**

(എ) 814 വില്ലേജുകളിൽ

(ബി) പഴയ സർവെ ഉപകരണങ്ങൾ ഒഴിവാക്കി ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചും സർവ്വെ ചെയ്തു വരുന്നു.

(സി) സർവെ സംബന്ധമായ നോട്ടിഫിക്കേഷൻസ് ഗസറ്റിലും, പത്രങ്ങളിലും പരസ്യം ചെയ്യുകയും സർവെ സംബന്ധിച്ചുള്ള വിവരങ്ങൾ വിവധ ഘട്ടങ്ങളിൽ ഭൂവുടമകളെ അറിയിക്കുകയും ചെയ്യുന്നുണ്ട്.

(ഡി) റീസർവ്വെ പ്രവർത്തനം ആധുനികവൽക്കരിക്കുന്നതിന് ടോട്ടൽ സ്റ്റേഷൻ, കംപ്യൂട്ടറുകൾ, പ്ലോട്ടറുകൾ, പ്രിന്ററുകൾ തുടങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നു.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

## സ്കൂൾ-കോളേജ് പി.ടി.എ.കൾ

583. ശ്രീ. എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ-കോളേജ് പി.ടി.എ.കൾ ഏതു നിയമമനുസരിച്ചാണ് രൂപീകരിച്ചിട്ടുള്ളതെന്നും പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ ;

(ബി) മിക്ക സ്കൂൾ-കോളേജ് പി.ടി.എ.കളുടേയും ഭാരവാഹികളായി സ്ഥിരമായി ചില അദ്ധ്യാപകരും രക്ഷകർത്താക്കളും തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതേക്കുറിച്ച് അന്വേഷിക്കുമോ ;

(സി) ഇവിടുത്തെ വരവു-ചെലവുകൾക്ക് നിയമപരമായ ഓഡിറ്റ് സംവിധാനം നിലവിലുണ്ടോ ; ഇല്ലെങ്കിൽ അതിനാവശ്യമായ നിയമനിർമ്മാണം നടത്താമോ ;

(ഡി) പി.ടി.എ.കളെക്കുറിച്ച് അഴിമതി ആക്ഷേപം ഉണ്ടാകുന്ന സാഹചര്യത്തിൽ അഴിമതി ഇല്ലാതാക്കുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ജി.ഒ.(പി) നം.138/69/പൊ.വി.വ തീയതി 31-3-69-ലെ ഉത്തരവിൻപ്രകാരമാണ് സ്കൂൾ പി.ടി.എ.കൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നത്.

കോളേജുകളിൽ പി.റ്റി.എ.കൾ പ്രവർത്തിക്കുന്നത് താഴെപ്പാറയുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്.

1. ജി.ഒ.(എം.എസ്)133/90/ഉവിവ തീയതി 1-6-90
2. ജി.ഒ.(ആർ.റ്റി) 1704/90/ഉവിവ തീയതി 8-10-90
3. ജി.ഒ. (ആർ.റ്റി) 1276/96/ഉവിവ തീയതി 26-10-96.

(ബി) ഇല്ല. ഇത്തരം പരാതി ലഭിക്കുകയാണെങ്കിൽ അന്വേഷിക്കുന്നതാണ്.

(സി) സ്കൂൾ പി.റ്റി.എ.യുടെ വരവു ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിന് രണ്ട് രക്ഷകർത്താക്കൾ ഉൾക്കൊള്ളുന്ന കമ്മിറ്റിയുടെ ഇന്റേണൽ ഓഡിറ്റ് സംവിധാനം നിലവിലുണ്ട്. കോളേജുകളിലെ പി.റ്റി.എ. അക്കൗണ്ടുകൾ അതാതു വർഷം ഓഡിറ്റ് ചെയ്യാനും അത് അതാത് റീജിയണൽ കോളേജ് വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർമാരെ ബോധ്യപ്പെടുത്താനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഡി) പി.ടി.എ.കളെ കുറിച്ച് അഴിമതി ആരോപണങ്ങൾ ഉണ്ടാകുകയാണെങ്കിൽ വകുപ്പുതല അന്വേഷണം നടത്തുന്നതാണ്.

## ഗൾഫ് രാജ്യങ്ങളുടെ കോൺസിലേറ്റുകൾ ആരംഭിക്കാൻ നടപടി

584. ശ്രീ. കെ.എൻ.എ. ഖാദർ :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. ടി.പി.എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളുടെ കോൺസുലേറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. എം.എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി):-**

(എ&ബി): വിദേശ രാജ്യങ്ങളുടെ കോൺസിലേറ്റുകൾ സംസ്ഥാനത്ത് ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ കേന്ദ്രസർക്കാരാണ് സ്വീകരിക്കേണ്ടത്. ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ നിരവധി തവണ കേന്ദ്രസർക്കാരിന് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ കേന്ദ്രസർക്കാർ ഈ ആവശ്യം അംഗീകരിച്ചിട്ടില്ല.

## ഡി.പി.ഇ.പി. ചെലവുകൾ ആഡിറ്റ് ചെയ്യാൻ നടപടി

585. ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. ടി.എച്ച് മുസ്തഫ :
ശ്രീ. എം.കെ. പോൾസൺ മാസ്റ്റർ :

ശ്രീ. കെ.മോഹൻകുമാർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഇ.പി. നടപ്പാക്കുന്നതിന് ലഭിച്ച തുക ചെലവഴിച്ചതു സംബന്ധിച്ച് ആഡിറ്റ് നടത്തിയിട്ടുണ്ടോ ;

(ബി) ചെലവുകൾ ഫൈനാൻഷ്യൽ പ്രൊപ്രൈറ്റിക്ക് വിധേയമായാണോ നടത്തിയിട്ടുള്ളത് ;

(സി) ഈ പദ്ധതിയുടെ ചെലവുകൾ ആഡിറ്റ് ചെയ്യുവാൻ നിർദ്ദേശം നൽകുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) അതെ.

(സി) ഡി.പി.ഇ.പി. പദ്ധതി നടപ്പാക്കുന്നതിലേക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭിച്ച തുക ചെലവഴിച്ചതു സംബന്ധിച്ച് 31-3-2001 വരെയുള്ള കാലഘട്ടത്തെ ഓഡിറ്റ് നടന്നുകഴിഞ്ഞു. പദ്ധതിയുടെ 1-4-2001 മുതൽക്കുള്ള ചെലവുകൾ അടിയന്തിരമായി ഓഡിറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## അടിസ്ഥാന ഭൂനികുതി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം

586. ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി.പി. രാമകൃഷ്ണൻ :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. വി.കെ.സി. മമ്മതുകോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അടിസ്ഥാന ഭൂനികുതി വർദ്ധിപ്പിക്കുന്നതിനുള്ള ഏതെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) നിലവിലുള്ള ഭൂനികുതി നിരക്ക് എന്നുമുതലാണ് പ്രാബല്യത്തിൽ വന്നത് ;

(സി) അടിസ്ഥാന ഭൂനികുതിയുടെ എത്രശതമാനമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇപ്പോൾ നൽകുന്നത് ;

(ഡി) നിരക്ക് വർദ്ധിപ്പിക്കുമ്പോൾ ഉണ്ടാകുന്ന കൂടുതൽ വരുമാനം മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നകാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) 29-7-98-ലെ 5811/ലെജി.എ2/98/ലോ നംപർ നോട്ടിഫിക്കേഷൻപ്രകാരം 1-4-98 മുതൽ പ്രാബല്യത്തിൽ വന്നു.

(സി) പഞ്ചായത്ത്രാജ് നിയമത്തിലെ 202-ാം വകുപ്പിൽ തൊട്ടുമുൻപുള്ള വർഷം പിരിച്ചെടുത്ത തുകയുടെ 3/8 ഭാഗം ധനകാര്യ കമ്മിഷൻ ശുപാർശപ്രകാരം അനുവദിക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(ഡി) ധനകാര്യക്കമ്മിഷന്റെ ശുപാർശപ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

## ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള പ്രയാസങ്ങൾ ഒഴിവാക്കാൻ നടപടി

T587. ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും വിവിധ ആവശ്യങ്ങൾക്കായി ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മാതാപിതാക്കളിൽ ഒരാൾ പട്ടികജാതിയിലും മറ്റെയാൾ പിന്നോക്ക ക്രിസ്ത്യൻ വിഭാഗത്തിലും പെട്ടതാണെങ്കിൽ മക്കൾക്ക് പട്ടിക ജാതി വിഭാഗങ്ങൾക്കുള്ള സംവരണാനുകൂല്യങ്ങൾക്ക് അർഹതയുണ്ടോ ;

(സി) ഒരു വിദ്യാർത്ഥിക്ക് പട്ടികജാതി സംവരണം ലഭിക്കുന്നതിന് മാതാപിതാക്കൾ രണ്ടുപേരും പട്ടികജാതിയിൽപ്പെട്ടവർ തന്നെ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ഡി) മതിയായ രേഖകൾ ഉണ്ടായിട്ടും പട്ടികജാതി-പിന്നോക്കവിഭാഗങ്ങളിൽ പെട്ടവർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ആവശ്യമായിവരുമ്പോൾ ഉദ്യോഗസ്ഥർ പ്രസ്തുത സർട്ടിഫിക്കറ്റ് നൽകാതിരിക്കുന്നത് സംബന്ധിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉദ്യോഗസ്ഥരുടെ ഇപ്രകാരമുള്ള സമീപനംമൂലം ഉന്നതവിദ്യാഭ്യാസത്തിനോ ഉദ്യോഗം ലഭിക്കുന്നതിനോ അർഹതപ്പെട്ടവർക്ക് തടസ്സം ഉണ്ടാകുന്നപക്ഷം പ്രസ്തുത ഉദ്യോഗസ്ഥനിൽനിന്ന് നഷ്ടപരിഹാരം ഈടാക്കാൻ നിലവിൽ വ്യവസ്ഥയുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ ഇതു സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഇല്ല. 25-1-77-ലെ സർക്കാർ ഉത്തരവ് നം.11/77/ഡിഡി പ്രകാരം മിശ്രവിവാഹിതദമ്പതിമാരിലൊരാൾ പട്ടികജാതിയിലെ അംഗമാണെങ്കിൽ പട്ടിക ജാതിക്കാർക്ക് അനുവദിച്ചിട്ടുള്ള എല്ലാ ആനുകൂല്യങ്ങൾക്കും അവരുടെ മക്കൾക്കും അർഹതയുണ്ട്.

(ഡി) അനർഹരായ വ്യക്തികൾ വ്യാജമായി സമ്പാദിച്ച പട്ടികജാതി/വർഗ്ഗ സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ പട്ടികജാതി/വർഗ്ഗക്കാരുടെ ന്യായമായ അവകാശങ്ങളും സംവരണാനുകൂല്യങ്ങളും തട്ടിയെടുത്തതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒരു വ്യക്തിയുടെ ജാതിസ്ഥിതി സംബന്ധിച്ച് സംശയമുണ്ടാകുന്ന പക്ഷം ടി വ്യക്തിയുടെ ജാതി സ്ഥിതിയെപ്പറ്റി വിശദമായ അന്വേഷണങ്ങൾ ആവശ്യമായി വരുന്നതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് നൽകാതിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ &എഫ്): മനപൂർവ്വം വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നിലവിലുള്ള ചട്ടമനുസരിച്ച് (കെ.സി.എസ് (സി.സി.ആന്റ് എ) റൂൾസ്) നടപടി കൈക്കൊള്ളുന്നുണ്ട്.

## ഹയർ സെക്കന്ററി പരീക്ഷാഫലം

588. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി പരീക്ഷ എഴുതിയവരിൽ എത്ര വിദ്യാർത്ഥികളുടെ പരീക്ഷാഫലമാണ് പ്രസിദ്ധീകരിക്കാതിരുന്നത് ;

(ബി) അവരുടെ പരീക്ഷാഫലം എല്ലാവരുടേയും ഫലത്തിനൊപ്പം പ്രസിദ്ധീകരിക്കാഞ്ഞതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) ആരുടെയെങ്കിലും അനാസ്ഥ കൊണ്ടാണോ അവരുടെ ഫലപ്രഖ്യാപനം വൈകുന്നത് ; എങ്കിൽ ഇതിനുത്തരവാദികളാരെല്ലാം; അവരുടെ മേൽ എന്തു നടപടി സ്വീകരിച്ചു എന്നും വെളിപ്പെടുത്താമോ ;

(ഡി) കൃത്യസമയത്ത് മാർക്കുലിസ്റ്റുകൾ ലഭിക്കാത്തതുമൂലം ഉന്നതവിദ്യാഭ്യാസത്തിന് ചേരാൻകഴിയാത്ത വിദ്യാർത്ഥികൾക്ക് എന്തു ബദൽ സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസവകുപ്പുമന്ത്രി):-**

(എ) 8644 വിദ്യാർത്ഥികളുടെ പരീക്ഷാഫലം എല്ലാവരുടേയും ഫലത്തിനൊപ്പം പ്രസിദ്ധീകരിച്ചില്ല.

(ബി) പരീക്ഷയ്ക്കുള്ള അപേക്ഷയിൽ വിദ്യാർത്ഥികൾ തെറ്റായി നൽകിയ വിവരങ്ങൾ, രജിസ്റ്റർ ചെയ്ത വിഷയത്തിൽനിന്നും വ്യത്യസ്ഥമായ വിഷയത്തിൽ പരീക്ഷ എഴുതിയത്, ഉത്തരക്കടലാസ്സിൽ രജിസ്റ്റർ നമ്പർ തെറ്റായോ അവ്യക്തമായോ എഴുതിയത്,

അദ്ധ്യാപകർ അയച്ച മാർക്കുലിസ്റ്റിലെ തെറ്റുകളും അവ്യക്തതകളും, ചില പ്രാക്ടിക്കൽ പരീക്ഷകളുടെ മാർക്കുലിസ്റ്റ് കിട്ടാനുണ്ടായ കാലതാമസം, നേരത്തെ പരീക്ഷ എഴുതിയ വിദ്യാർത്ഥികൾ അത് സംബന്ധിച്ച വിവരങ്ങൾ നൽകുന്നതിലുണ്ടായ വീഴ്ച തുടങ്ങിയവ പരിഹരിക്കേണ്ടിയിരുന്നതിനാലാണ് പരീക്ഷാഫലം നേരത്തെ പ്രസിദ്ധീകരിക്കാൻ കഴിയാതെ വന്നത്.

(സി) ചില അദ്ധ്യാപകർ പരീക്ഷാ ജോലിയിൽ വീഴ്ചവരുത്തിയതും പരീക്ഷാഫലങ്ങൾ വൈകി പ്രസിദ്ധീകരിക്കാൻ ഇടവരുത്തി. അവരുടെ മേൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) കേരളത്തിനുപുറത്ത് ഉന്നതവിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്നവരുടെ മാർക്കുകൾ ബന്ധപ്പെട്ട അധികൃതരെ രഹസ്യമായി അറിയിക്കുന്നതിന് പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനു മുമ്പ് തന്നെ സംവിധാനം ഏർപ്പെടുത്തിയിരുന്നു. സർട്ടിഫിക്കറ്റുകൾ അടിയന്തിരമായി ആവശ്യമായി വന്നവർക്ക് അത് ഡയറക്ടറേറ്റിൽനിന്നും നേരിട്ട് നൽകിയിട്ടുണ്ട്. മാർക്കുലിസ്റ്റുകൾ ലഭ്യമാകാത്തതിനാൽ ഉന്നതവിദ്യാഭ്യാസത്തിന് ചേരാൻ കഴിയാത്ത സ്ഥിതി ഉണ്ടായതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## <u>പുറമ്പോക്കുകളിൽ സ്ഥിരമായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള മാനദണ്ഡം</u>

589. ശ്രീ. എം.എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുറമ്പോക്കുകളിൽ സ്ഥിരമായി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിനുവേണ്ടി പട്ടയമേളകൾ സംസ്ഥാനതലത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പുറമ്പോക്ക് നിവാസികൾക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) സംസ്ഥാനത്ത് പുറമ്പോക്കുകളിൽ സ്ഥിരമായി താമസിച്ചുവരുന്നവർക്ക് അപേക്ഷ ലഭിക്കുന്നമുറയ്ക്ക് കേരളഭൂമി പതിവു ചട്ടങ്ങൾ നിഷ്കർഷിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അർഹതയുടെ അടിസ്ഥാനത്തിൽ പതിച്ചു പട്ടയം നൽകിവരുന്നുണ്ട്.

(ബി) 1964-ലെ കേരള ഭൂമി പതിവു ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി പഞ്ചായത്ത് പ്രദേശങ്ങളിലും 1995-ലെ ഭൂമി പതിവ് ചട്ടങ്ങൾക്ക് വിധേയമായി മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലും പട്ടയം നൽകിവരുന്നു. 1997-ലെ ജി.ഒ.(എം.എസ്)511/97 ആർ.ഡി. പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ തോട്, പുഴ, കുളം, റോഡ് പുറംപോക്കുകളിലെ കൈവശക്കാർക്ക് കൈവശരേഖ നൽകിവരുന്നു. കൂടാതെ 9/11/1999-ലെ ജി.ഒ.(എം.എസ്)440/99 ആർ.ഡി പ്രകാരം നഗര/കോർപ്പറേഷൻ പ്രദേശങ്ങളിലെ തോട്, പുഴ, കുളം, റോഡ് പുറമ്പോക്കുകളിലെ കൈവശക്കാർക്ക് കൈവശരേഖ നൽകിവരുന്നുണ്ട്.

## <u>മെഡിക്കൽ പ്രവേശന പരീക്ഷയിലെ ചോദ്യങ്ങൾ റദ്ദ് ചെയ്ത നടപടി</u>

590. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മെഡിക്കൽ പ്രവേശന പരീക്ഷയിലെ ചോദ്യങ്ങളിൽ തെറ്റ് കണ്ട് റദ്ദ് ചെയ്യാൻ തീരുമാനിച്ചത് ആരാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ശരിയല്ല എന്ന് തീരുമാനിച്ച ചോദ്യം ശരിയാണെന്ന് ബോദ്ധ്യമായതെന്നാണെന്ന് വ്യക്തമാക്കുമോ ;

(സി) ചോദ്യങ്ങൾ ശരിയാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ശരിയുത്തരപ്രകാരം മാർക്ക് നൽകി പുതിയ റാങ്ക്ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കും ;

(ഡി) ഇതിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസവകുപ്പുമന്ത്രി):-**

(എ) തീരുമാനമെടുത്തതു പ്രവേശന പരീക്ഷാ കമ്മിഷണർ ആണ്.

(ബി) പരാതിയുടെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിച്ചപ്പോഴാണ് ബോദ്ധ്യമായത്.

(സി) ഇത് സംബന്ധിച്ച കോടതിവിധിയുടെ പകർപ്പ് കിട്ടിയാലുടൻ അതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഇക്കാര്യം വിശദമായ പരിശോധനയ്ക്ക് ശേഷം തീരുമാനിക്കാവുന്നതാണ്.

*****